പതിമൂന്നാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 727 — 12/06/13-ൽ മറുപടിയ്ക്ക്

## പുതിയ ഫാർമസിസ്റ്റ് തസ്തികകൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ഫാർമസിസ്റ്റുകളുടെ 324 തസ്തികകൾ പുതിയതായി വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യവകുപ്പ് ഡയറക്ടർ ഫയൽ ധനകാര്യവകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | സംസ്ഥാനത്തെ ഭൂരിപക്ഷം പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന താലൂക്ക് ആശുപത്രികളിലും രാത്രി ഡ്യൂട്ടിക്കും മറ്റും നിലവിൽ ഫാർമസിസ്റ്റുകൾ ഇല്ലാത്തതുമൂലം നേഴ്സുമാരോ നേഴ്സിംഗ് അസിസ്റ്റന്റുമാരോ മരുന്നുകൾ വിതരണം ചെയ്യുന്ന സാഹചര്യം നിലവിലുണ്ടോ; | (ബി) | സംസ്ഥാനത്ത് ഗവൺമെന്റ് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും 24 X 7 പ്രൈമറി ഹെൽത്ത് സെന്ററുകളിലും മാത്രമേ ഐ.പി പ്രവർത്തിക്കുന്നുള്ളു. ഇപ്രകാരം ഐ.പി പ്രവർത്തിക്കുന്ന ആശുപത്രികളിൽ രാത്രികാലങ്ങളിൽ അത്യാവശ്യഘട്ടങ്ങളിൽ ഡോക്ടർമാരുടെ സാന്നിദ്ധ്യത്തിൽ സ്റ്റാഫ് നഴ്സുമാർ മരുന്നുകൾ വിതരണം ചെയ്യാറുണ്ട്. |
| (സി) | പുതിയ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലുള്ള സ്ഥിതിയുടെ വിശദാംശങ്ങൾ എന്താണെന്ന് വെളിപ്പെടുത്തുമോ; | (സി) & (ഡി) | പുതിയതായി ഫാർമസിസ്റ്റുമാരുടെ 146 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ആരോഗ്യവകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ, സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഡി) | അടിയന്തിരമായി ഈ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകുമോ ? | | |

സെക്ഷൻ ഓഫീസർ.